# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2973 — 22.6.2012-ൽ മറുപടിയ്ക്ക്

### കാർഷിക ഉൽപ്പാദന മേഖലയെ പരിപോഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, കെ. കെ. ജയചന്ദ്രൻ<br>,, കെ. കെ. നാരായണൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ കാർഷിക ഉൽപാദനമേഖലയെ പരിപോഷിപ്പിക്കുന്നതിനും തദ്ദേശീയമായി ഉൽപാദിപ്പിക്കുന്ന വിഭവങ്ങൾക്ക് മൂല്യവർദ്ധനവുണ്ടാക്കുന്നതിനും ലക്ഷ്യമുണ്ടായിരുന്നുവോ; എങ്കിൽ ബഡ്ജറ്റിലെ ലക്ഷ്യം കൈവരിക്കുന്നതിന് മുൻവർഷം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ; | (എ) 2011-2012 വർഷത്തിലെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും ഇതിനകം സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.<br>കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാനുള്ള പദ്ധതികളാണ് ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നത്. 2011-2012 വർഷത്തിലെ ചില പ്രധാന നേട്ടങ്ങൾ ചുവടെ കുറിക്കുന്നു.<br>1. **നെൽകൃഷി വികസനം**<br>1. നെൽകൃഷിയ്ക്ക് 1.70 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കാൻ ഹെക്ടറിന് 1500/- രൂപ നിരക്കിൽ സഹായം നൽകി.<br>2.8000 ഹെക്ടറിൽ കരനെൽകൃഷി പ്രോത്സാഹിപ്പിച്ചു.<br>3. 3750 ഹെക്ടറിൽ തരിശുഭൂമി കൃഷി യോഗ്യമാക്കാൻ സാധിച്ചു.<br>4.മുഴുവൻ നെൽ കർഷകരെയും വിള ഇൻഷ്വറൻസ് പരിധിയുടെ സംരക്ഷണത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടി ആരംഭിച്ചു. |

2.**നാളീകേര വികസനം**

നാളീകേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ 10500 ഹെക്ടറിൽ സമഗ്ര നാളീകേര വികസന പദ്ധതി നടപ്പിലാക്കി.

3. **പച്ചക്കറി കൃഷി**

2735 ഹെക്ടറിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു. 500 തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി വ്യാപനത്തിന് നടപടികളായി.

4.**കാർഷിക വിപണികൾ പ്രവർത്തന ക്ഷമമാക്കി**

കൃഷി വകുപ്പിൽ 6 മൊത്ത വ്യാപാര വിപണിയുടെ ചുറ്റളവിലുള്ള തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് കാർഷികോൽപന്നങ്ങൾ നേരിട്ട് വിപണിയിലെത്തിച്ചാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. ഓരോ മാസവും ഏകദേശം 250 മെട്രിക് ടൺ പഴം - പച്ചക്കറികൾ വിൽക്കുന്നുണ്ട്.

5.**ജൈവ കൃഷി**

സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തെരഞ്ഞെടുത്ത 20 ബ്ലോക്ക് പ്രദേശത്ത് 4400 ഹെക്ടർ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടിയായി. വയനാട് ജില്ലയിൽ 5400 ഹെക്ടർ പ്രദേശത്ത് ജൈവ കുരുമുളക് കൃഷി പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു.

6.**യന്ത്രവൽക്കരണത്തിനായി കർമ്മസേനകൾ**

കൃഷി യന്ത്രങ്ങളുടെ പ്രവർത്തനത്തിനും അറ്റകുറ്റ പണികളും യഥാസമയം ചെയ്യാൻ 1500 പേർക്ക് ഇതിനകം പരിശീലനം നൽകി

കർമ്മസേന രൂപീകരിച്ചു വരുന്നു.

7.<u>കരാർ കൃഷി</u>

2011-2012 -ൽ കരാർ കൃഷിക്ക് തുടക്കമായി 243.22 ലക്ഷം രൂപ ചെലവഴിച്ച് നെല്ല് , വാഴ , പച്ചക്കറികൾ , കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി തരിശായി കിടക്കുന്ന ഭൂമിയിൽ കരാർ അടിസ്ഥാനത്തിൽ ആരംഭിച്ചു. വാഴക്കൃഷിയ്ക്ക് ഹെക്ടറിന് 40,000/- രൂപയും മറ്റു കൃഷിക്കാർക്ക് ഹെക്ടറിന് 30,000/- രൂപ വീതവും ധനസഹായം നൽകിയിട്ടണ്ട്.

(ബി) സർക്കാർ നടപടികളുടെ ഭാഗമായി ഉണ്ടായ ഉൽപാദനവർദ്ധനയെ സംബന്ധിച്ച് വിശദമാക്കാമോ ; ഇതിന്റെ ഭാഗമായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായോ; ഏതെല്ലാം രംഗത്ത് എന്തുമാത്രം എന്ന് വിശദമാക്കാമോ ?

(ബി) 2011-2012-ലെ ഉൽപാദന വർദ്ധനയെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമായിട്ടില്ല. നെല്ല് , വാഴ , പച്ചക്കറി കൃഷി മേഖലകളിലാണ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്.

**സെക്ഷൻ ഓഫീസർ**